

സാഹിത്യം ചരിത്രം സംസ്കാരം

# പുതുവായനകൾ


സംശോധനം

ലഫ്റ്റനന്റ്. ഡോ. ദീപു പി. കുറുപ്പ്

ഡോ. ബിനീഷ് പുതുപ്പണം

*Malayalam*
**SAHITHYAM CHARITHRAM SAMSKARAM PUTHU VAYANAKAL**
*(Essays)*

Edited by
**Lt. Dr. Deepu P. Kurup**
**Dr. Bineesh Puthuppanam**

Compiled by
**Department of Malayalam**
**NSS College, Nilamel**

Published by

**pen*to*graph®**
**Publications India**
GRA 701, Gowreesapattom
Thiruvananthapuram, Kerala - 695004
✆ +91 9446419362
e-mail : pentobooks@gmail.com
website : www.pentobooks.com

Cover &
Design : S. Sreekumar
Typeset : Beyond Publishers, Tvpm-35

First published 2020
PP1- 0082
**ISBN : 978-93-89550-22-1**
© Rights reserved

*Printed in India* ₹ 75

All rights are reserved. No part of this publication may be reproduced c
transmitted in any form or by any means, electronic or mechanical, includin
photocopying, recording or by any information storage and retrieval syste
without prior written permission and consent from the publisher.

# കവിതാപഠനങ്ങൾ


1. ആശാൻകവിതയിലെ ബുദ്ധദർശനത്തിന്റെ വൃക്ഷപ്രതിനിധാനങ്ങൾ - *ഡോ. സംഗീത കെ.* 15
2. നഗ്നയാഥാർത്ഥ്യങ്ങൾ - *ഡോ. എസ്. ജയൻ* 28
3. ചരിത്ര (ചാരിത്ര്യ) നിഷേധങ്ങൾ വിജയലക്ഷ്മി കവിതകളിൽ - *അധീശ്. യു* 35
4. കവിത-കലാപം: ഭ്രഷ്ടിന്റെ സാംസ്കാരികവായന - *ലക്ഷ്മീ ദാസ്* 41
5. മിത്തുകളുടെ അപനിർമ്മാണം അഹല്യാമോക്ഷം ഓട്ടൻതുള്ളലിൽ - *രേണുക. ഒ* 48
6. പരിസ്ഥിതിദർശനം: മോഹനകൃഷ്ണൻ കാലടിയുടെ കവിതകളിൽ - *സേതുലക്ഷ്മി. ആർ* 61
7. സ്വതന്ത്രഭാവന പി. എൻ. ഗോപീകൃഷ്ണന്റെ കവിതകളിൽ - *ശ്രീലത. കെ* 67
8. പെൺപക്ഷരചനാസമീപനം - അക്കിത്തം കവിതകളിൽ - *അഖില. എ* 76
9. കവിതയുടെ നവഭാവുകത്വം - 'സീതാദർശന'ത്തിൽ - *പാർവതീകൃഷ്ണ പി. എൽ.* 82
10. തിണസങ്കല്പനം എസ്സ്. ജോസഫിന്റെ കവിതയിൽ - *ശ്രീജാറാണി എസ്. എൻ.* 88
11. സ്ത്രീസ്വത്വരാഷ്ട്രീയത്തിന്റെ സീതായനം - *അജി ഡി.* 99
12. പ്രവാസകവിതകളുടെ സൈബറിടം - *ഗീതു പി.ജി.* 106
13. നാഗരികജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ പാരമ്പര്യം തേടുന്ന പാലൂർക്കവിതകൾ - *ദീഷ്മാകൃഷ്ണൻ ബി.യു.* 114
14. നമ്പ്യാർകൃതികളിലെ സ്ത്രീസ്വത്വനിർമ്മിതി - *അമിതാരാജീവ്* 121
15. സമകാല ജീവിതാവസ്ഥകളുടെ ആവിഷ്ക്കാരം വീരാൻകുട്ടിയുടെ കവിതകളിൽ - *ആതിരാകൃഷ്ണൻ* 132
16. മണിപ്രവാളസാഹിത്യത്തിലെ ക്ഷേത്രസംസ്കാരവും ദേവദാസിസമ്പ്രദായവും - പുതുവായനയിൽ - *സിത്താര ആർ.* 139
17. പി. കുഞ്ഞിരാമൻനായർ കവിതയിലെ ഋതുപ്പകർച്ചകൾ - *ഡോ. ഐ. ഷീജ* 144
18. ചങ്കൊണ്ടോ പറക്കൊണ്ടോ - കാവ്യഭാഷാ പഠനത്തിന്റെ പുതുവഴികൾ - *രമ്യാ രാജൻ. ആർ* 156
19. അമീൻ പൂക്കളുടെ കവി അൻവർഅലി - *ഡോ. ആശ ആർ. ഐ.* 161

# ചരിത്ര (ചാരിത്ര്യ) നിഷേധങ്ങൾ വിജയലക്ഷ്മി കവിതകളിൽ

അധീശ് യു.

പുരുഷൻ കർത്താവിന്റെ സ്ഥാനത്തും സ്ത്രീ എല്ലായ്പ്പോഴും കർമ്മത്തിന്റെ സ്ഥാനത്തുമാണെന്ന് ശതാബ്ദങ്ങളായി/ദശാബ്ദങ്ങളായി സ്ത്രീവാദികൾ കുടുംബ-സമൂഹ-ജീവിതാവസ്ഥകൾ അപഗ്രഥിച്ചു കൊണ്ട് നിരന്തരം സ്ഥാപിക്കുന്നുണ്ട്. സ്ഥാപനവത്കരിക്കപ്പെട്ട ദൈനംദിന ജീവിതഘടനയിൽ പുരുഷന് സ്ത്രീയെ വിലയിരുത്തുവാനും സ്വാംശീകരിക്കുവാനും എത്രയെത്ര പദങ്ങൾ പുരുഷ നിർമ്മിത പദകോശങ്ങൾ കനിഞ്ഞു നൽകിയിട്ടുണ്ട്. കന്യക/കന്യകയല്ലാത്തവൾ, ചാരിത്രവതി/ചാരിത്ര്യമില്ലാത്തവൾ എന്തിന്, 'പൗരൻ' എന്ന വാക്കിന്റെ സ്ത്രീലിംഗം 'പുരന്ധ്രി' എന്നാണെന്ന് ആർക്കറിയാം? സ്ത്രീയെന്ന പദത്തിന് ശബ്ദതാരാവലി നൽകുന്ന അർത്ഥങ്ങൾ അബല, യോഷിദ്, നാരി, സീമന്തിനി എന്നൊക്കെയാണ്. ഈ അർത്ഥങ്ങളെല്ലാം പുരുഷനെ ആശ്രയിച്ചു നിൽക്കുന്നവൾ എന്ന അർത്ഥത്തിലേക്ക് സ്ത്രീയെ പരിമിതപ്പെടുത്തുന്നു. പുരുഷന്റെ കാഴ്ചകളിൽ നാണയപ്പെടുന്നതാണ് സ്ത്രീയെന്ന സാമ്പ്രദായിക യുക്തിയെ അട്ടിമറിക്കുവാൻ എത്രയോ വർഷങ്ങളായി ലോകമെമ്പാടുമുള്ള സ്ത്രീവാദികൾ പരിശ്രമിച്ചു കൊണ്ടേയിരിക്കുന്നു. പക്ഷേ കരിങ്കൂവളത്തിന്റെ കണ്ണുകൾ കൊണ്ടും എള്ളിൻ പൂ പോലെയുള്ള നാസിക കൊണ്ടും തൊണ്ടിപ്പഴം പോലുള്ള അധരങ്ങൾ കൊണ്ടും കാല്പനികവത്കരിച്ച് പുരുഷബുദ്ധികൾ സ്ത്രീയെ അവയവസമാഹാരമാക്കി ചുരുക്കിയെഴു